സെന്ററുകളിൽ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് വിവിധതരം ട്രെയിനിംഗ് കോഴ്സുകൾ നല്കി വരുന്നു. കൺസ്യൂമർഫെഡിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഫാർമസി കോളേജിൽ ഡിഫാം, കോഴ്സ് നടത്തുന്നു.

പരിയാരത്തുള്ള സഹകരണ മെഡിക്കൽ കോളേജിൽ MBBS കോഴ്സും മെഡിക്കൽ ബിരുദാനന്തര കോഴ്സും BDS കോഴ്സും, ബി.ഫാം, എം.ഫാം കോഴ്സും ഫാംഡി കോഴ്സും നടത്തിവരുന്നു.

(സി) സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഫീസ് മറ്റ് സ്ഥാപനങ്ങളിലെ ഫീസിനെക്കാൾ കുറവാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസിൽ ഇളവ് നൽകുന്നു. കൂടാതെ എസ്.സി./എസ്.റ്റി. വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ചില സ്ഥാപനങ്ങൾ 50% ഫീസ് ഇളവും നൽകുന്നുണ്ട്. എസ്.സി./എസ്.റ്റി., ഒ.ബി.സി., ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് സർക്കാരിന്റെ ലംപ്സംഗ്രാന്റ്, സ്റ്റൈപന്റ് എന്നിവയും ഭൂരിഭാഗം സ്ഥാപനങ്ങളും നൽകുന്നു. കൂടാതെ കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് പ്രകാരമുള്ള സ്കോളർഷിപ്പും മറ്റ് സ്കോളർഷിപ്പുകളും നൽകി വരുന്നു.

കേപ്പിലെ വിദ്യാർത്ഥികൾക്ക് മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ്, സെൻട്രൽ സെക്ടർ സ്കോളർഷിപ്പ്, KPCR സ്കോളർഷിപ്പ്, ട്യൂഷൻ ഫീ വേവർ സ്കീം, എസ്.സി./എസ്.റ്റി., ഒ.ഇ.സി. വിഭാഗക്കാർക്ക് ട്യൂഷൻ ഫീസിളവ്, ഡിസ്റ്റിക്ട് മെറിറ്റ് സ്കോളർഷിപ്പ്, മലയാള മനോരമ ഏർപ്പെടുത്തിയിട്ടുള്ള ആനുകൂല്യം, ഒറ്റ പെൺകുട്ടികൾക്കുള്ള ആനുകൂല്യം, ഫിഷർമാൻ സ്കോളർഷിപ്പ്, കെട്ടിട നിർമ്മാണം, തയ്യൽ, കയർ, കശുവണ്ടി മേഖലയിൽ ജോലി ചെയ്യുന്നവരുടെ മക്കൾക്കുള്ള ക്ഷേമനിധികൾ എന്നീ ആനുകൂല്യങ്ങളും അനുവദിച്ചുവരുന്നു.

സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ

95 (435) <u>ശ്രീ. എ. എ. അസീസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ വകുപ്പിൻകീഴിൽ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സഹകരണ സംഘങ്ങൾക്ക് സർക്കാരിൽ നിന്നും ലഭ്യമാകുന്ന സൗജന്യങ്ങളും ആനുകൂല്യങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം പുതുതായി എത്ര സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നുള്ളതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

(എ) 1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 6, 7 ചട്ടം 3, 4 എന്നിവ പ്രകാരമുള്ള നടപടിക്രമങ്ങൾ അനുസരിച്ചാണ് സംഘങ്ങൾ രജിസ്റ്റർ ചെയ്തിരിക്കുന്നത്

ഫോറം നമ്പർ I-ൽ രണ്ടു കോപ്പിയായി ചുവടെ ചേർക്കുന്നവ സഹിതം സംഘം രജിസ്ട്രേഷനുള്ള അപേക്ഷ രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.

1. നിർദ്ദിഷ്ട ബൈലായുടെ 3 പകർപ്പ്

2. നിർദ്ദിഷ്ട സംഘത്തിന്റെ പേർക്ക് ബാങ്കിലുള്ള തുക സംബന്ധിച്ച സർട്ടിഫിക്കറ്റ്

3. ഓഹരി മൂലധനം നൽകിയിട്ടുള്ളവരുടെ പേരും ഓരോരുത്തരും നൽകിയ ഓഹരി മൂലധനം, പ്രവേശന ഫീസ് എന്നീ വിവരങ്ങൾ അടങ്ങിയ ലിസ്റ്റ്

4. സംഘത്തിന്റെ നിർദ്ദിഷ്ട ബിസിനസ്സിന്റെ ഭദ്രത ഉറപ്പാക്കുന്ന പദ്ധതി

5. രജിസ്ട്രാർ ആവശ്യപ്പെടുന്ന മറ്റ് വിവരങ്ങളും രേഖകളും

അപേക്ഷകർ വ്യക്തികളാണെങ്കിൽ വ്യത്യസ്ത കുടുംബങ്ങളിൽപ്പെട്ട 25 പേർ വേണ്ടതും ഓരോരുത്തരും അപേക്ഷ ഒപ്പിടേണ്ടതുമാണ്. രജിസ്റ്റർ ചെയ്യപ്പെടേണ്ട സംഘത്തിലെ ഏതെങ്കിലും അംഗം മറ്റൊരു രജിസ്റ്റേർഡ് സംഘാംഗമാണെങ്കിൽ അപേക്ഷയിലും, ബൈലോയിലും ഒപ്പിടുന്നതിന് ടിയാനെ അധികാരപ്പെടുത്തി കൊണ്ടുള്ള സംഘം ഭരണസമിതി തീരുമാനം ഉള്ളടക്കം ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്യപ്പെടേണ്ട ഒരു സംഘത്തിലെ ഏതെങ്കിലും അംഗം നിയമാധിഷ്ഠിതമായോ അല്ലാത്തതോ ആയ ഒരു സമിതിയോ, കമ്മിറ്റിയോ, കോർപ്പറേഷനോ ആണെങ്കിൽ രജിസ്ട്രേഷനുള്ള അപേക്ഷയിലും, ബൈലോയിലും

LIBRARY ARCHIVES Kerala Legislative Assembly

ഒപ്പുവയ്ക്കുന്നതിന് പ്രസ്തുത സ്ഥാപനം ഏതെങ്കിലും ഒരു വ്യക്തിയെ അധികാരപ്പെടുത്തേണ്ടതും, അപ്രകാരം അംഗീകാരം നൽകികൊണ്ടുള്ള തീരുമാനത്തിന്റെ പകർപ്പ് അപേക്ഷയോടൊപ്പം വച്ചിരിക്കേണ്ടതുമാണ്.

അപേക്ഷ രജിസ്ട്രാർക്ക് രജിസ്റ്റേർഡ് തപാലിലോ, ഓഫീസിൽ നേരിട്ടോ എത്തിക്കേണ്ടതാണ്.

അപേക്ഷയോടൊപ്പം അപേക്ഷ ഫീസിനത്തിൽ 500 രൂപ ഒടുക്കിയതിന്റെ ചെലാൻ രസീതും നൽകേണ്ടതാണ്. സ്ത്രീ വനിതാ എസ്.സി./എസ്.റ്റി. സംഘങ്ങളാണെങ്കിൽ 50 രൂപ മതിയാകും.

(ബി) സഹകരണ സംഘങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ്, ഗഹാൻ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ എന്നിവയും, സംസ്ഥാന വാർഷിക പദ്ധതി പ്രകാരം വിവിധ പദ്ധതികളിലായി സർക്കാർ ഓഹരി മൂലധനം, സബ്സിഡി വായ്പ എന്നീ ഇനങ്ങളിൽ ധനസഹായവും പദ്ധതിയേതര ഇനങ്ങളിലായി വിവിധ സബ്സിഡികൾ എന്നിവയും ലഭിക്കുന്നുണ്ട്.

(സി) സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ പുതുതായി 1,485 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	242
കൊല്ലം	105
പത്തനംതിട്ട	37
ആലപ്പുഴ	37
കോട്ടയം	60
ഇടുക്കി	49
എറണാകുളം	99
തൃശ്ശൂർ	135
പാലക്കാട്	103
മലപ്പുറം	114

LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട്	183
വയനാട്	25
കണ്ണൂർ	185
കാസർകോട്	87

സംസ്ഥാനം ആകെയോ ഒന്നിൽ
കൂടുതൽ ജില്ലകളോടേയോ
പ്രവർത്തനപരിധി നിശ്ചയിച്ച്
രജിസ്റ്റർ ചെയ്തിട്ടുള്ളവ - 24
ആകെ - 1,485

സഹകരണ ആശുപത്രികൾ

96 (436) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണമേഖലയിൽ പ്രവർത്തിച്ചുവന്നിരുന്ന സഹകരണ ആശുപത്രികളിൽ എത്രയെണ്ണം അടച്ചുപൂട്ടി പ്രവർത്തനം അവസാനിപ്പിക്കുകയുണ്ടായിട്ടുണ്ട് ;

(ബി) നിലവിൽ പ്രവർത്തിച്ചുവരുന്നവ എത്ര ; അവയിൽ നൂറിൽ താഴെ കിടക്കകളോടുകൂടി പ്രവർത്തിക്കുന്നവ എത്ര ; നൂറിൽ കൂടുതൽ കിടക്കകളോടുകൂടി പ്രവർത്തിക്കുന്നവ എത്ര ;

(സി) നിലവിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന സഹകരണ ആശുപത്രി സംഘങ്ങൾ എത്ര ; നഷ്ടത്തിൽ പ്രവർത്തിക്കുന്നവ എത്ര ;

(ഡി) പ്രസ്തുത ആശുപത്രികളുടെ പ്രവർത്തനത്തിന് സഹായകരമായ നിലയിൽ നികുതി ഇളവുകളോ, സബ്സിഡികളോ നൽകുന്നുണ്ടോ ; ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly